# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7111 — 03.11.2011 ൽ മറുപടിയ്ക്ക്

## കടിശ്ശിക പിരിവിന് ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളിലെ കടിശ്ശിക പിരിവിന് ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളിലെ കടിശ്ശിക ഈടാക്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69 ഉം അനുബന്ധ ചട്ടങ്ങളും പ്രകാരം ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ ആർബിട്രേറ്റർമാരേയും, എക്സിക്യൂഷൻ നടത്തുന്നതിനായി ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ആന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് (SARFAISI ആക്ട്) പ്രകാരം അതാത് ബാങ്കുകളിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് ജപ്തി/റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) ഇതിനായി കളക്ഷൻ ഏജന്റ്സിനെ നിയോഗിക്കാറുണ്ടോ; | (ബി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കളക്ഷൻ ഏജന്റ്മാരെ കടിശ്ശിക പിരിവിന് |

| | | | |
|---|---|---|---|
| | | | നിയോഗിക്കാറില്ല. |
| (സി) | എങ്കിൽ അവരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും, അവരുടെ ജോലി സ്വഭാവും പ്രതിഫലവും സംബന്ധിച്ച വിവരങ്ങളും വിശദമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | സെക്യൂരിറ്റിയായി തുകയും തീയതിയും രേഖപ്പെടുത്താത്ത ചെക്കുകൾ വാങ്ങുന്ന രീതി, ബാങ്കുകൾ പിൻതുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നിയമവിധേയമാണോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ, പരിധിയിൽ പ്രവർത്തിക്കുന്ന ചില ജില്ലാ സഹകരണ ബാങ്കുകൾ ഇടപാടുകാരിൽ നിന്നും തുകയും തീയതിയും എഴുതാത്ത ചെക്കുകൾ വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം ഇപ്രാകരം തുകയും തീയതിയും എഴുതാതെ ബാങ്കുകൾ വാങ്ങുന്ന ചെക്കുകൾ, വായ്പക്കാരൻ തുക അടയ്ക്കാതെ വരുമ്പോൾ ചെക്ക് മാറാനായി Payee ബാങ്കിൽ നൽകുകയും Payee ബാങ്ക് ചെക്കിൽ തുക ഇല്ലാതെ മടക്കുമ്പോൾ (dishonour) വായ്പ നൽകിയ ബാങ്കുകൾ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം വായ്പക്കാരനെതിരെ സിവിലായും ക്രിമിനലായും നടപടികൾ സ്വീകരിക്കാൻ മജിസ്ട്രേറ്റ്/മുൻസിഫ് കോടതികളിൽ കേസ് ഫയൽ ചെയ്യുകയും ടി കേസുകൾ മജിസ്ട്രേറ്റ്/മുൻസിഫ് കോടതികൾ തീർപ്പാക്കുന്നുമുണ്ട്. ചില ബാങ്കുകൾ നൽകി വരുന്ന വായ്പയ്ക്ക് അതേ ബാങ്കിലെ തന്നെ ബ്ലാങ്ക് ചെക്കുകൾ ഈടായി വാങ്ങുന്ന നടപടി നിയമ വിധേയമല്ല. |
| (ഇ) | കളക്ഷൻ ഏജന്റുമാരായി നിയമിക്കപ്പെടുന്നവരിൽ പലരും ഗുണ്ടാ പ്രവർത്തനം നടത്തുന്നവരാണെന്നും സഹകരണ മേഖലയിൽ നിന്നും ലോണെടുത്തവരെ കുടിശ്ശികയുടെ പേരിൽ ഇക്കൂട്ടർ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഭീഷണിപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെതിരെ എന്തെല്ലാം (എഫ്) ബാധകമല്ല
നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സെക്ഷൻ ഓഫീസർ